ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE: 01.07.2026**

1. സംസ്ഥാന ബജറ്റിൽ തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചതിൽ നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. ധനബിൽ പാസാക്കി 16-ാം നിയമസഭയുടെ ആദ്യ സമ്മേളനം ഇന്ന് സമാപിക്കും.
2. വിഴിഞ്ഞം തുറമുഖ പദ്ധതിയെ അക്കാദമിക് ലോകവുമായി ബന്ധിപ്പിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. ശബരിമല അടിസ്ഥാന സൗകര്യ വികസനം ചർച്ച ചെയ്യാൻ ഈ മാസം ഒമ്പതിന് യോഗം ചേരുമെന്ന് മന്ത്രി കെ മുരളീധരൻ.
3. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് തൊഴിലും ഉപജീവനവും ഉറപ്പാക്കുന്ന വിബി - ജി റാം ജി നിയമം പ്രാബല്യത്തിൽ. കേരളത്തിൽ പ്രതിദിന വേതനം 401 രൂപ.
4. രാജ്യത്ത് വാണിജ്യ പാചകവാതക സിലിണ്ടറിന്റെ വിലയിൽ 183 രൂപ 50 പൈസ കുറച്ച് എണ്ണ കമ്പനികൾ.
5. സെൻസസിന്റെ ഭാഗമായി വീടുകളിൽ എത്തിയുള്ള വിവര ശേഖരണത്തിന് ഇന്ന് തുടക്കം. സെൽഫ് എന്യൂമറേഷൻ പൂർത്തിയായി.
6. സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ മഴ ശക്തം. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

## നിയമസഭ

2026-27 ലെ ബജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചതിൽ നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. ഈ വിഷയം ഉന്നയിച്ച് പ്രതിപക്ഷത്ത് നിന്ന് ജി.ആർ അനിലാണ് അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടിയത്. ഫണ്ട് വെട്ടിക്കുറച്ചതിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറെ പ്രതിസന്ധിയിലൂടെയാണ് കടന്നു പോകുന്നതെന്ന് ജി ആർ അനിൽ പറഞ്ഞു. യുഡിഎഫ് സർക്കാരിന്റെ ബജറ്റ് യാഥാർത്ഥ്യബോധത്തോടു കൂടിയുള്ളതാണെന്നും എന്നാൽ ചില പ്രായോഗികമായ പ്രശ്നങ്ങളുണ്ടാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീകർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങി പോയി. പതിനാറാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന്റെ അവസാന ദിവസമായ ഇന്ന് ധനബിൽ സഭ പാസാക്കും.

RNU TVPM

*********************************************

## നിയമസഭ - മുഖ്യമന്ത്രി (ഇൻട്രോ)

വിഴിഞ്ഞം തുറമുഖ പദ്ധതിയെ അക്കാദമിക് ലോകവുമായി ബന്ധിപ്പിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. മാരിടൈം മ്യൂസിയം അതിനുള്ള സാദ്ധ്യതകൾ തുറന്നിടുമെന്നും അദ്ദേഹം നിയമസഭയിൽ ചോദ്യോത്തരവേളയിൽ അറിയിച്ചു. പദ്ധതി വഴി ഉണ്ടാകുന്ന തൊഴിലവസരങ്ങളിൽ മൂന്നിൽ ഒരു ഭാഗം പ്രദേശവാസികൾക്ക് നൽകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(വോയിസ് സിഎം)

*********************************************

## കെ മുരളീധരൻ - നിയമസഭ

ശബരിമലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ മാസം ഒമ്പതാം തീയതി ദേവസ്വം ബോർഡ് യോഗം വിളിച്ചു ചേർത്തിട്ടുണ്ടെന്ന് മന്ത്രി കെ മുരളീധരൻ. ഈ വർഷത്തെ ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ പമ്പയിൽ യോഗം ചേർന്ന് ഒരുക്കങ്ങൾ വിലയിരുത്തും. ശബരിമല മാസ്റ്റർപ്ലാനിൽ നിലയ്ക്കൽ മുതലുള്ള വികസന പ്രവർത്തനങ്ങൾ ഉൾപ്പെടുന്നുണ്ടെന്നും അദ്ദേഹം നിയമസഭയെ അറിയിച്ചു.

**********************************************

## ബിരുദ പ്രവേശനോത്സവം

വിദ്യാഭ്യാസ രീതികൾ അതിവേഗം മാറുന്ന ഈ കാലഘട്ടത്തിൽ സംസ്ഥാനത്ത് അത്യാധുനിക പഠന സാഹചര്യം ഒരുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി റോജി എം ജോൺ. ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച ബിരുദ പ്രവേശനോത്സവം "ഫസ്റ്റ് ചാപ്റ്ററിന്റെ" സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. യുവാക്കളുടെയും വിദ്യാർത്ഥികളുടെയും ഉന്നമനത്തിനായി തൊഴിസാധ്യത ഉറപ്പുവരുത്താൻ ആവശ്യമായ ഗ്ലോബൽ ജോബ് വാച്ച് ടവർ പോലുള്ള പദ്ധതികൾ സർക്കാർ വിഭവം ചെയ്യുന്നതായും മന്ത്രി അറിയിച്ചു.

RNU TVPM

**********************************************

## ഒ ജെ ജെനീഷ്

PSC മൂല്യനിർണയത്തെ സംബന്ധിച്ച് കഴിഞ്ഞ ദിവസം പുറത്തുവന്ന വാർത്തകൾ അതീവ ഗൗരവതരമാണെന്ന് മന്ത്രി

ഒ ജെ ജെനീഷ്. മൂന്നര ലക്ഷം രൂപ മാസശമ്പളം ലഭിക്കുന്ന സംസ്ഥാന ആസൂത്രണ ബോർഡിലേക്ക് നടന്ന പരീക്ഷയിൽ 10 ചോദ്യങ്ങൾ മൂല്യനിർണയത്തിൽ വിട്ടുപോയത് അംഗീകരിക്കാൻ കഴിയില്ല. KAS, PRD INFORMATION OFFICER, ഉൾപ്പെടെ ഒട്ടനവധി പരീക്ഷകളിലും ദുരൂഹതയുണ്ടെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ഇത് സംബന്ധിച്ച് അന്വേഷണം നടത്തണം എന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിയെ ഇന്ന് കാണുമെന്നും അദ്ദേഹം അറിയിച്ചു.

**********************************************

## സെൻസസ്

സെൻസസിന്റെ ഭാഗമായി വീടുകളിൽ എത്തിയുള്ള വിവര ശേഖരണത്തിന് ഇന്ന് തുടക്കമാകും. സെൽഫ് എന്യൂമറേഷനിൽ വിവരങ്ങൾ രേഖപ്പെടുത്തിയപ്പോൾ ലഭിച്ച എസ്ഇ ഐഡി സെൻസസ് എന്യൂമറേറ്റർ വീടു സന്ദർശിക്കുമ്പോൾ കൈമാറണം. ഈ വിവരങ്ങൾ നിലവിലുള്ള രേഖകളുമായി യോജിച്ചു പോകുന്നതാണോ എന്ന് പരിശോധിക്കുകയും അല്ലെങ്കിൽ എന്യൂമറേറ്റർ പുതുതായി വിവരങ്ങൾ ശേഖരിക്കുകയും ചെയ്യും.

RNUTVPM

**********************************************

## ഹരിത ഇടനാഴി - പാലക്കാട് (ഇൻട്രോ)

പാലക്കാട് ജില്ലയിലെ ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുക, കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുക തുടങ്ങിയ ലക്ഷ്യങ്ങളുമായി ജില്ലാ പഞ്ചായത്ത് ജൈവ പരിപാലന സമിതിയുടെ നേതൃത്വത്തിൽ ഹരിത ഇടനാഴി പദ്ധതി നടപ്പാക്കും.

ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത് തയ്യാറാക്കിയ റിപ്പോർട്ട്...

(വോയിസ്)

*********************************************

വാണിജ്യ പാചകവാതക വില

രാജ്യത്ത് വാണിജ്യ പാചകവാതക സിലിണ്ടറിന് വില കുറഞ്ഞു. 19 കിലോഗ്രാമുള്ള വാണിജ്യ എൽ പി ജി സിലണ്ടർ വിലയിൽ 183 രൂപ 50 പൈസയാണ് എണ്ണ കമ്പനികൾ കുറച്ചത്. പുതുക്കിയ വില ഇന്ന് പ്രാബല്യത്തിൽ വന്നു. പുതിയ നിരക്ക് അനുസരിച്ച് ഡൽഹിയിൽ 2,930 രൂപയാണ് വാണിജ്യ സിലണ്ടറിന്റെ വില.

*********************************************

ഡോക്ടേഴ്സ് ദിനം

ഇന്ന് ദേശീയ ഡോക്ടേഴ്സ് ദിനം. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ളവർ ഡോക്ടർമാർക്ക് ആശംസകൾ നേർന്നു. ഡോക്ടർമാരുടെ കഠിനാധ്വാനവും കാരുണ്യവുമാണ് ആരോഗ്യ പരിപാലന വ്യവസ്ഥയുടെ നട്ടെല്ലെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ പറഞ്ഞു.

*********************************************

വിബി - ജി റാം ജി (ഇൻട്രോ)

ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് തൊഴിലും ഉപജീവനവും ഉറപ്പാക്കുന്ന വിബി- ജി റാം ജി നിയമം ഇന്ന് മുതൽ പ്രാബല്യത്തിൽ വരും. ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച

RNU TVPM

വിജ്ഞാപനം അനുസരിച്ച്, എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും വേതന നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

**വിശദംശങ്ങളിലേക്ക് ....**

*(വോയിസ്)*

*വിബി - ജി റാം ജി പ്രാബല്യത്തിൽ വരുന്നതോടെ അർഹതയുള്ള ഓരോ ഗ്രാമീണ കുടുംബത്തിനും വേതനത്തോടു കൂടിയ തൊഴിലുറപ്പ് 100 ദിവസത്തിൽ നിന്നും 125 ദിവസമായി വർദ്ധിക്കും. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് പകരമാണ് VB-G RAM G നിയമം കൊണ്ടുവന്നത്. MGNREGA യിൽ ദേശീയ ശരാശരി വേതനം 298.8 രൂപ എന്നത് VB-G RAM G യിൽ 327.4 രൂപയായി ഉയർന്നു. മുമ്പ് 300 രൂപയിൽ താഴെ വേതനം ഉണ്ടായിരുന്ന ഇരുപത്തിയൊന്ന് സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണ പ്രദേശങ്ങളെയും പുതിയ മാനദണ്ഡത്തിലേക്ക് കൊണ്ടുവന്നു. അരുണാചൽ പ്രദേശ്, നാഗാലാൻഡ് എന്നിവിടങ്ങളിലാണ് ഏറ്റവും കൂടുതൽ വർധന ഉണ്ടായതെന്ന് മന്ത്രാലയം അറിയിച്ചു. കേരളത്തിൽ 401 രൂപയാണ് വേതനം. നിശ്ചിത സമയത്തിനുള്ളിൽ ജോലി നൽകിയില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം നൽകുന്നതിനും പുതിയ നിയമം വ്യവസ്ഥ ചെയ്യുന്നു.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

**********************************************

**മഴ**

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ മഴ കനക്കും. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ഏഴ്

RNU TVPM

ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. കേരളം-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും, കർണാടക തീരത്ത് ശനിയാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**********************************************

## പി എ മാധവൻ

മണലൂർ മുൻ എംഎൽഎയും മുതിർന്ന കോൺഗ്രസ് നേതാവുമായ പി എ മാധവൻ അന്തരിച്ചു. വാഹനാപകടത്തിൽ പരിക്കേറ്റതിനെ തുടർന്ന് ചികിത്സയിലായിരുന്നു അദ്ദേഹം. ഭൗതിക ദേഹം ഇന്ന് ഉച്ചയ്ക്ക് 2 മണി മുതൽ 4 വരെ തൃശ്ശൂർ ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫീസിൽ പൊതുദർശനത്തിന് വെയ്ക്കും. നാളെ ഉച്ചയ്ക്ക് പാറമേക്കാവ് ശാന്തിഘട്ടിൽ സംസ്കരിക്കും. പി എ മാധവന്റെ വിയോഗത്തിൽ മുഖ്യമന്ത്രി വി.ഡി സതീശൻ അനുശോചിച്ചു.

RNU TVPM

**********************************************

## ഫിഫ ലോകകപ്പ്

ഫിഫ ലോകകപ്പ് ഫുട്ബോളിൽ, മെക്സിക്കോയും ഫ്രാൻസും പ്രീക്വാർട്ടറിൽ കടന്നു. ഇക്വഡോറിനെ എതിരില്ലാത്ത രണ്ട് ഗോളിനാണ് മെക്സിക്കോ പരാജയപ്പെടുത്തിയത്. രാവിലെ നടന്ന മറ്റൊരു മത്സരത്തിൽ സ്വീഡനെതിരെ ഫ്രാൻസ് എതിരില്ലാത്ത മൂന്ന് ഗോളിനാണ് ജയിച്ചത്. ഇന്നലെ നടന്ന മത്സരത്തിൽ ഐവറി കോസ്റ്റിനെ 2-1 ന് തോൽപ്പിച്ച് നോർവേയും പ്രീക്വാർട്ടറിൽ പ്രവേശിച്ചു. ഇംഗ്ലണ്ട് - കോംഗോ മത്സരം ഇന്ന് രാത്രി 09:30-ന് നടക്കും.

**********************************************

## ഇന്ത്യ - ഇംഗ്ലണ്ട് ക്രിക്കറ്റ്

അഞ്ച് മത്സരങ്ങളടങ്ങിയ പുരുഷ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 10 മണിക്ക് മത്സരം ആരംഭിക്കും. ഇന്ത്യൻ ടീമിനെ ശ്രേയസ് അയ്യറാണ് നയിക്കുന്നത്. ട്വന്റി - 20 മത്സരങ്ങൾക്ക് ശേഷം ഇംഗ്ലണ്ടുമായി മൂന്ന് മത്സരങ്ങളടങ്ങിയ ഏകദിന പരമ്പരയിലും ഇന്ത്യ കളിക്കും.

*******************************************************

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 600 പോയിന്റ് ഉയർന്ന് 77,094 ലും നിഫ്റ്റി 177 പോയിന്റ് നേട്ടത്തിൽ 24,037 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില കുറഞ്ഞു. പവന് 920 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 3,240 രൂപയും ഗ്രാമിന് 12,905 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

*******************************************************

## കസ്റ്റംസ് തീരുവ ഇളവ്

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ നിർണായക പെട്രോകെമിക്കൽ ഉൽപ്പന്നങ്ങൾക്കുള്ള കസ്റ്റംസ് തീരുവ ഇളവ് ഈ മാസം 15 വരെ നീട്ടി കേന്ദ്ര സർക്കാർ. ആഭ്യന്തര വിപണിയിൽ പെട്രോകെമിക്കലുകളുടെ മതിയായ ലഭ്യത ഉറപ്പാക്കുന്നതിനാണ് ഈ ഇളവ്. ഇതിന് പുറമെ എൽപിജി ഉൽപാദനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനും സർക്കാർ പെട്രോളിയം കമ്പനികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.